# കേരളസർവകലാശാല

നം.പി.ആർ.57/2021

# പത്രക്കുറിപ്പ്

## ടൈംടേബിൾ

കേരളസർവകലാശാല മാർച്ചിൽ നടത്തുന്ന പോസ്റ്റ് ഗ്രാജ്വേറ്റ് ഡിപ്ലോമ ഇൻ ജിയോ ഇൻഫർമേഷൻ സയൻസ് ആന്റ് ടെക്നോളജി പരീക്ഷയുടെ ടൈംടേബിൾ സർവകലാശാല വെബ്സൈറ്റിൽ ലഭ്യമാണ്.

## ഇന്റേൺഷിപ്പ് വൈവാ വോസി

കേരളസർവകലാശാല നടത്തുന്ന മൂന്നാം സെമസ്റ്റർ എം.എസ്.സി. ഹോം സയൻസ് (ന്യൂട്രിഷ്യൻ ആന്റ് ഡയറ്ററ്റിക്സ്) ഒക്ടോബർ 2020, പരീക്ഷയുടെ ഇന്റേൺഷിപ്പ് വൈവാ വോസി പരീക്ഷ മാർച്ച് 25 ന് ആലപ്പുഴ സെന്റ്.ജോസഫ്സ് കോളേജ് ഫോർ വിമനിൽ വച്ച് നടക്കുന്നതാണ്. വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ ലഭ്യമാണ്.

## പ്രാക്ടിക്കൽ

കേരളസർവകലാശാല ഫെബ്രുവരിയിൽ നടത്തിയ അഞ്ചാം സെമസ്റ്റർ ബി.കോം. കമ്പ്യൂട്ടർ ആപ്ലിക്കേഷൻ 138 2 (യ) പരീക്ഷയുടെ പ്രാക്ടിക്കൽ മാർച്ച് 15 മുതൽ ആരംഭിക്കുന്നതാണ്. വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ ലഭ്യമാണ്.

കേരളസർവകലാശാല നടത്തുന്ന മൂന്നാം സെമസ്റ്റർ ബി.ടെക്. (2013 സ്കീം) ഏപ്രിൽ 2020 (സപ്ലിമെന്ററി) പരീക്ഷയുടെ ഇലക്ട്രോണിക്സ് ആന്റ് കമ്മ്യൂണിക്കേഷൻ എഞ്ചിനീയറിംഗ് ബ്രാഞ്ചിലെ ഇലക്ട്രോണിക് ഡിവൈസസ് ലാബ് (13307) എന്ന പ്രാക്ടിക്കൽ പരീക്ഷ തിരുവനന്തപുരം നാലാഞ്ചിറ മാർ ബസേലിയോസ് കോളേജ് ഓഫ് എഞ്ചിനീയറിംഗിൽ വച്ച് മാർച്ച് 18 നും നാലാം സെമസ്റ്റർ ബി.ടെക്. ഒക്ടോബർ 2020 (2013 സ്കീം) അപ്ലൈഡ് ഇലക്ട്രോണിക്സ് ആന്റ് ഇൻസ്ട്രുമെന്റേഷൻ എഞ്ചിനീയറിംഗ് ബ്രാഞ്ചിന്റെ പ്രാക്ടിക്കൽ പരീക്ഷ മാർച്ച് 16 നു സി.ഇ.ടിയിൽ വച്ചും നടത്തുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## ഇന്റേണൽ മാർക്ക്

കേരളസർവകലാശാല നടത്തുന്ന ബി.ആർക്ക് ഡിഗ്രി കോഴ്സ് (2013 സ്കീം, 2014 അഡ്മിഷൻ) ആറ് വർഷം പൂർത്തിയാക്കിയ പരാജയപ്പെട്ട വിദ്യാർത്ഥികൾക്ക് (40 മാർക്ക് യൂണിവേഴ്സിറ്റി പരീക്ഷയിൽ ലഭിക്കാത്തവർ) ഇന്റേണൽ മാർക്ക് മെച്ചപ്പെടുത്താൻ അപേക്ഷ നൽകുന്നതിനുള്ള അവസാന തീയതി ഏപ്രിൽ 13. അപേക്ഷയോടൊപ്പം 735 രൂപ ഫീസ് ഓരോ സെമസ്റ്ററിനും അടയ്ക്കേണ്ടതാണ്. നിശ്ചിത തീയതിക്ക് ശേഷം ലഭിക്കുന്ന അപേക്ഷകൾ നിരസിക്കുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## പരീക്ഷ രജിസ്ട്രേഷൻ

കാര്യവട്ടം യൂണിവേഴ്സിറ്റി കോളേജ് ഓഫ് എഞ്ചിനീയറിംഗിലെ 2018 സ്കീമിലെ വിദ്യാർത്ഥികളുടെ ഏപ്രിൽ 7 നു ആരംഭിക്കുന്ന മൂന്നാം സെമസ്റ്റർ ബി.ടെക് റഗുലർ/ഇംപ്രൂവ്മെന്റ്/ സപ്ലിമെന്ററി പരീക്ഷയ്ക്ക് ഓൺലൈനായി അപേക്ഷിക്കാം. പിഴയില്ലായതെ മാർച്ച് 18 വരേയും 150 രൂപ പിഴയോടെ മാർച്ച് 22 വരേയും 400 രൂപ പിഴയോട്കൂടി മാർച്ച് 24 വരേയും അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

# അക്കാദമിക് കൗൺസിൽ തെരഞ്ഞെടുപ്പ്

കേരളസർവകലാശാല അഫിലിയേറ്റഡ് കോളേജുകളിലും സർവകലാശാല പഠനവകുപ്പുകളിലുമായി മാർച്ച് 12-നു രാവിലെ 10.00 മുതൽ ഉച്ചക്ക് 1.00 വരെ നടത്തുന്ന അക്കാദമിക് കൗൺസിലിലെ അദ്ധ്യാപക പ്രതിനിധികളുടെ തെരഞ്ഞെടുപ്പിൽ കോവിഡ് പോസിറ്റീവായ വോട്ടർമാർക്ക് വേണ്ടി ഉച്ചക്ക് 1 മണിമുതൽ 1.30 വരെ അധിക സമയമനുവദിച്ചു വൈസ് ചാൻസിലർ ഉത്തരവായിരിക്കുന്നു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

പബ്ലിക് റിലേഷൻസ് ഓഫീസർ

**തിരുവനന്തപുരം.**
09.03.2021

E-mail:ku.release@gmail.com website: www.keralauniversity.ac.in

**University information is available on 9188526670, 9188526671, 9188526674, 9188526675**